STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.266/PR/SPMC/PHQ/2021 Date :26.06.2021

**ഇ-ചെലാൻ പദ്ധതി സംസ്ഥാനത്തൊട്ടാകെ നിലവിൽവന്നു**

ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് ഓൺലൈൻ ആയി പിഴ ഈടാക്കുന്ന ഇ-ചെലാൻ സംവിധാനത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളുടെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഓൺലൈനിൽ നിർവ്വഹിച്ചു. ഇതോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ-ചെലാൻ സംവിധാനം നിലവിൽ വന്നു.

ഉദ്ഘാടന ചടങ്ങിൽ എ.ഡി.ജി.പി മനോജ് എബ്രഹാം, ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി ഐ.ജി ജി.ലക്ഷ്മൺ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ജനറലും സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറുമായ പി.വി മോഹൻ കൃഷ്ണൻ, ട്രഷറി വകുപ്പ് ഐ.റ്റി വിഭാഗം മേധാവി രഘുനാഥൻ ഉണ്ണിത്താൻ, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും ഡിജിറ്റൽ സെന്റർ ഓഫ് എക്സലൻസ് തലവനുമായ ജിതേഷ്.പി.വി, പൈൻലാബ്സിന്റെ ഗവൺമെന്റ് ആന്റ് എമർജിംഗ് ബിസിനസ് വിഭാഗം അസിസ്റ്റന്റ് സെയിൽസ് മാനേജർ വിനായക്.എം.ബി എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

വാഹന പരിശോധനയും പിഴ അടയ്ക്കലും ഏറെ സുഗമമാക്കുന്ന സംവിധാനമാണ് ഇ-ചെലാൻ. തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ ഈ സംവിധാനം കഴിഞ്ഞ വർഷം നിലവിൽ വന്നു. 11 മാസത്തിനിടെ ഈ അഞ്ച് പ്രധാന നഗരങ്ങളിൽ നിന്നായി 17 കോടിയിലധികം രൂപയാണ് ഇ-ചെലാൻ വഴി പിഴയായി ഈടാക്കിയത്. പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരുടെ കൈവശമുള്ള പ്രത്യേക ഉപകരണത്തിൽ വാഹനത്തിന്റെ നമ്പരോ ഡ്രൈവിംഗ് ലൈസൻസ് നമ്പരോ നൽകിയാൽ വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അറിയാം. വാഹനപരിശോധനയ്ക്കിടെ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് മൂലമുള്ള സമയനഷ്ടം പരിഹരിക്കാൻ ഇതിലൂടെ കഴിയും. പിഴ അടയ്ക്കാനുള്ളവർക്ക് ഓൺലൈൻ, ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് പണം അടയ്ക്കാനും കഴിയും. ഇത്തരം സംവിധാനങ്ങൾ കൈവശം ഇല്ലാത്തവർക്ക് പിഴ അടയ്ക്കാൻ പ്രത്യേകം സൗകര്യം ഏർപ്പെടുത്തും.

ഡിജിറ്റൽ സംവിധാനമായതിനാൽ ഒരു വിധത്തിലുമുള്ള പരാതിക്കും അഴിമതിക്കും പഴുതുണ്ടാവില്ല. സുതാര്യത പൂർണ്ണമായും ഉറപ്പാക്കാനാകും. കേസുകൾ വിർച്വൽ കോടതിയിലേക്ക് കൈമാറാനും ഈ സംവിധാനത്തിലൂടെ കഴിയും. നാഷണൽ ഇൻഫർമാറ്റിക് സെന്ററാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയത്. ഫെഡറൽ ബാങ്ക്, ട്രഷറി വകുപ്പ്, പൈൻലാബ്സ് എന്നിവയുടെ സഹകരണവും ഈ പദ്ധതിയ്ക്കുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ**

ഇ-ചെലാൻ സംവിധാനത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളുടെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഓൺലൈനായി നിർവ്വഹിക്കുന്നു

********************